REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 26-03-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് മറ്റന്നാൾ വിജ്ഞാപനം പുറപ്പെടുവിക്കും.
- തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ബോധവത്ക്കരണ പരിപാടികൾ വൻവിജയമായെന്ന് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- SSLC പരീക്ഷ വിജയകരമായി പൂർത്തീകരിച്ചതിൽ വിദ്യാർത്ഥികളെയും, അധ്യാപകരെയും, രക്ഷിതാക്കളെയും മന്ത്രി V ശിവൻകുട്ടി അഭിനന്ദിച്ചു
- ലോകകപ്പ് ഫുട്ബോൾ യോഗ്യതാ മൽസരത്തിൽ ഇന്ത്യ, ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.
- IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിന് വിജയം.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. ഇതോടെ നാമനിർദ്ദേശ പത്രികാ സമർപ്പണവും ആരംഭിക്കും. സാധാരണ ഗതിയിൽ പത്രികാ സമർപ്പണത്തിനുശേഷം ആരംഭിക്കുന്ന പ്രചാരണം ഇത്തവണ വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. മിക്ക മണ്ഡലങ്ങളിലും ആഴ്ചകൾക്കു മുമ്പു തന്നെ പ്രമുഖ സ്ഥാനാർത്ഥികൾ പ്രചാരണ രംഗത്ത് സജീവമായി.

20 ലോക്സഭാ മണ്ഡലങ്ങളിലും ഇതിനകം മൂന്നു മുന്നണികളും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു കഴിഞ്ഞു.

ഏപ്രിൽ നാലാണ് പത്രിക സമർപ്പിക്കേണ്ട അവസാന തീയതി. അഞ്ചിന് സൂക്ഷ്മ പരിശോധന നടത്തും. എട്ടു വരെ പിൻവലിക്കാം. ഏപ്രിൽ 26 നാണ് വോട്ടെടുപ്പ്. ജൂൺ നാലിന് വോട്ടെണ്ണും.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ബോധവത്ക്കരണ പരിപാടികൾ വൻവിജയമായെന്നും, മൂന്നു ലക്ഷത്തിലേറെ യുവ സമ്മതിദായകർ പുതുതായി പട്ടികയിൽ ഉൾപ്പെട്ടതായും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ തിരുവനന്തപുരത്ത് അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)..........

കരടു വോട്ടർപട്ടിക പ്രസിദ്ധീകരിച്ച 2023 ഒക്ടോബർ 27 നു ശേഷം മൂന്ന് ലക്ഷത്തി 11,805 യുവവോട്ടർമാർ പട്ടികയിൽ ഉൾപ്പെട്ടു. ഇന്നലെ വരെ പട്ടികയിലെ യുവ വോട്ടർമാരുടെ എണ്ണം മൂന്ന് ലക്ഷത്തി 88,981 ആണെന്നും കണക്കുകൾ കാണിക്കുന്നു. 18-19 പ്രായവിഭാഗക്കാരാണ് ഇവർ.

ചീഫ് ഇലക്ടറൽ ഓഫീസിന്റെയും, ജില്ലാ ഇലക്ഷൻ ഓഫീസർമാരുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രചാരണമാണ് ഈ വർദ്ധനയ്ക്കു പിന്നിലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിലയിരുത്തി.

✪✪✪

തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നശേഷം എറണാകുളം കിഴക്കമ്പലത്ത് ട്വന്റി - ട്വന്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച മെഡിക്കൽ സ്റ്റോർ അടയ്ക്കാൻ എറണാകുളം ജില്ലാ വരണാധികാരി ഉത്തരവിട്ടു. 80 ശതമാനം വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്യുമെന്ന വാഗ്ദാനത്തോടെയാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചത്. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോകൾ നീക്കം ചെയ്യണമെന്നും വരണാധികാരി നിർദ്ദേശിച്ചു.

✪✪✪

ലോക് സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളെക്കുറിച്ച് കണ്ണൂരിൽ മാധ്യമ പ്രവർത്തകർക്ക് പരിശീലനം നല്കി. മാതൃക പെരുമാറ്റ ചട്ടം, വ്യാജ വാർത്ത, രാഷ്ട്രീയ

പരസ്യങ്ങളുടെ പ്രീ സർട്ടിഫിക്കേഷൻ എന്നിവയെ സംബന്ധിച്ച ക്ലാസ്സ് ജില്ലാ കലകടർ അരുൺ K വിജയൻ ഉദ്ഘാടനം ചെയ്തു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിങ് കമ്മറ്റി സെല്ലിന്റെ പ്രവർത്തനവും കലക്ടർ ഉദ്ഘാടനം ചെയ്തു.

ലോക്സഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘനവുമായി ബന്ധപ്പെട്ട് MCC നിരീക്ഷണ സ്ക്വാഡുകൾ ഇന്നലെ ജില്ലയിൽ 8,320 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു.

കണ്ണൂർ ജില്ലയുടെ അതിർത്തി പ്രദേശങ്ങളിൽ സുരക്ഷാക്രമീകരണങ്ങളും ശക്തമാക്കി. അതിർത്തി ചെക്ക് പോസ്റ്റുകളിലും, മാഹി അതിർത്തിയിലും വെബ്കാസ്റ്റിംഗ് സംവിധാനത്തിലൂടെ പരിശോധന നടത്തിവരുന്നുണ്ട്.

✪✪✪

കാഴ്ചപരിമിതി നേരിടുന്നവർക്ക് ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ കണ്ണൂരിൽ ബ്രയിലി ലിപി അടയാളപ്പെടുത്തിയ EVM, വിവിപാറ്റ് വോട്ടിങ് മെഷീനുകൾ ഇന്നും നാളെയും പരിചയപ്പെടുത്തും. ഇന്ന് മാങ്ങാട്ടുപറമ്പ് കുഴിച്ചാൽ KFB ഓഫീസിലും, നാളെ തോട്ടട KFB ഓഫീസിലും രാവിലെ 11 മുതൽ വൈകിട്ട് നാല് മണി വരെയാണ് പരിപാടി.

✪✪✪

മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ ബാലറ്റ് അനുവദിക്കാൻ അപേക്ഷകൾ ഏപ്രിൽ ഒന്നിന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. തെരഞ്ഞെടുപ്പ് ജോലികൾ മൂലം സ്വന്തം ബൂത്തിലെത്തി വോട്ടു ചെയ്യാൻ സാധിക്കാത്ത മാധ്യമപ്രവർത്തകർക്കാണ് പോസ്റ്റൽ ബാലറ്റ് സൗകര്യം ലഭ്യമാക്കുന്നത്. ഇതിനായി ഫോം-12 D യിൽ വിവരങ്ങൾ പൂരിപ്പിച്ച് അതാത് ലോക്സഭാ മണ്ഡലത്തിലെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. സ്ഥാപന അധികാരി സാക്ഷിപ്പെടുത്തിയ അപേക്ഷകൾ മാത്രമേ സ്വീകരിക്കൂ.

✪✪✪

വയനാട് ലോക്സഭാ മണലത്തിലെ NDA സ്ഥാനാർഥി K.സുരേന്ദ്രൻ ഇന്ന് മണ്ഡലത്തിലെത്തി പ്രചാരണം ആരംഭിക്കും. വൈകീട്ട് മൂന്നിന് കല്പറ്റയിലെത്തുന്ന സുരേന്ദ്രന് റോഡ് ഷോ ഉൾപ്പെടെ സംഘടിപ്പിച്ച് വൻ വരവേൽപ്പ് നൽകാൻ പ്രവർത്തകർ ഒരുക്കങ്ങൾ ആരംഭിച്ചു.

**K.സുരേന്ദ്രൻ ഉൾപ്പെടെ സംസ്ഥാനത്ത് പ്രഖ്യാപിക്കാൻ ബാക്കിയുണ്ടായിരുന്ന നാല് മണ്ഡലങ്ങളിലെ NDA സ്ഥാനാർത്ഥികളെ ഞായറാഴ്ച്ചയാണ് കേന്ദ്ര നേതൃത്വം പ്രഖ്യാപിച്ചത്.**

**UDF സ്ഥാനാർത്ഥിയായി രാഹുൽ ഗാന്ധിയും, LDF സ്ഥാനാർത്ഥിയായി ആനി രാജയും മത്സരിക്കുന്ന വയനാട്ടിലെ തെരഞ്ഞെടുപ്പ് ഇതോടെ ദേശീയ ശ്രദ്ധാകേന്ദ്രമായി.**

**✪✪✪**

**കടത്തനാടിന്റെ പോരാട്ടവീര്യം തിരഞ്ഞെടുപ്പിലും പ്രതിഫലിക്കുന്ന കാഴ്ചയാണ്, എക്കാലത്തെയും പോലെ ഇത്തവണയും വടകര ലോക്സഭാ മണ്ഡലത്തെ ശ്രദ്ധേയമാക്കുന്നത്. കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി കിടക്കുന്ന മണ്ഡലത്തിൽ മത്സരത്തിന് ചൂടേറിക്കഴിഞ്ഞു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാപ്രതിനിധി നസീർ ബാബു.**

**..............(വോയ്സ്...)..............**

**✪✪✪**

**കോഴിക്കോട് നഗരത്തിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം ആവശ്യപ്പെട്ട് NDA സ്ഥാനാർത്ഥി M.T രമേശ് ഇന്ന് കോർപറേഷൻ ഓഫീസിന് മുന്നിൽ സത്യഗ്രഹം നടത്തുമെന്ന് BJP ജില്ലാപ്രസിഡന്റ് V.K.സജീവൻ അറിയിച്ചു. നഗരസഭയും വാട്ടർ അതോറിറ്റിയും ഇക്കാര്യത്തിൽ അനങ്ങാപ്പാറ നയം സ്വീകരിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.**

**കോഴിക്കോട്ടെ UDF സ്ഥാനാർഥി M.K രാഘവൻ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, പത്ര സ്ഥാപനങ്ങളിലും ആശുപത്രികളിലും സന്ദർശനം നടത്തും.**

**LDF സ്ഥാനാർത്ഥി എളമരം കരീം ഇന്ന് എലത്തൂർ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണം രാവിലെ നാലുവയൽ കോളനിയിൽ നിന്ന് ആരംഭിക്കും.**

**✪✪✪**

എറണാകുളം ലോക്സഭാ മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി ഡോ. K.S രാധാകൃഷ്ണൻ രാവിലെ പറവൂർ നിയോജകമണ്ഡലം വരാപ്പുഴ മാർക്കറ്റ് ജംഗ്ഷനിൽ നിന്ന് തിരഞ്ഞെടുപ്പ് പര്യടനം ആരംഭിക്കും. പുത്തൻവേലിക്കര, ചേന്ദമംഗലം പഞ്ചായത്തുകളിൽ പ്രമുഖ വ്യക്തികളെ സന്ദർശിക്കുന്ന അദ്ദേഹം വൈകിട്ട് പറവൂർ ടൗണിൽ റോഡ് ഷോയും നടത്തും.

UDF സ്ഥാനാർത്ഥി ഹൈബി ഈഡൻ ഇന്നലെ കൊച്ചി നഗരത്തിലെ പ്രധാന ആരാധനാലയങ്ങളും കന്യാസ്ത്രീമഠങ്ങളും സന്ദർശിച്ചു. പുതുക്കലവട്ടം , എളമക്കര ഭാഗത്തും അദ്ദേഹം പ്രചാരണം നടത്തി.

LDF സ്ഥാനാർത്ഥി K.J ഷൈൻ ഇന്ന് പള്ളിപ്പുറം, ചെറായി കുഴിപ്പിള്ളി, ഞാറക്കൽ, നായരമ്പലം, മുളവുകാട് തുടങ്ങിയ ഭാഗങ്ങളിൽ പര്യടനം നടത്തും.

✪✪✪

LDF ന്റെ,വിഷൻ കോൺക്ലേവ് - വികസന സെമിനാർ രാവിലെ കണ്ണൂർ സാധുകല്ല്യാണ മണ്ഡപത്തിൽ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ മണ്ഡലത്തിലെ LDF സ്ഥാനാർഥി M.V ജയരാജന്റെ പൊതുപര്യടനം നാളെ തുടങ്ങും.

UDF സ്ഥാനാർത്ഥി K.സുധാകരൻ ഇന്ന് കോളയാട് , പേരാവൂർ മേഖലകളിൽ പര്യടനം നടത്തും.

NDA സ്ഥാനാർത്ഥി C രഘുനാഥ് ഇന്ന് ധർമ്മടം മണ്ഡലത്തിൽ പ്രചാരണം നടത്തും.

✪✪✪

SSLC പരീക്ഷ വിജയകരമായി പൂർത്തീകരിച്ചതിൽ വിദ്യാർത്ഥികളെയും, അധ്യാപകരെയും, രക്ഷിതാക്കളെയും, സൗകര്യങ്ങളൊരുക്കിയ മറ്റെല്ലാവരെയും മന്ത്രി V ശിവൻകുട്ടി അഭിനന്ദിച്ചു. SSLC പരീക്ഷയ്ക്ക് ഈ വർഷം രജിസ്റ്റർ ചെയ്ത നാല് ലക്ഷത്തി 27,153 വിദ്യാർത്ഥികളിൽ 101 പേർ മാത്രമാണ് പരീക്ഷ എഴുതാതിരുന്നത്. എല്ലാ കുട്ടികളും പരീക്ഷയെഴുതിയ വിദ്യാഭ്യാസ ജില്ല കാഞ്ഞങ്ങാടാണ്. ഉത്തരകടലാസുകളുടെ മൂല്യനിർണയം സംസ്ഥാനത്ത് 70 ക്യാമ്പുകളിലായി ഏപ്രിൽ മൂന്നിനും 20 നുമിടയിൽ പൂർത്തീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

വാർഷിക മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്ന സമഗ്ര പദ്ധതി തയ്യാറാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ശ്രമം ആരംഭിച്ചു. ഇതിന്റെ ഭാഗമായി SCERT യിൽ ചേർന്ന ആലോചനായോഗം മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ഓരോ ക്ലാസിലും വിദ്യാർത്ഥികൾ നേടേണ്ട ശേഷികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന പദ്ധതിയുടെ കരട് SCERT വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പൊതുജനാഭിപ്രായം തേടും.

✪✪✪

പൂക്കോട് വെറ്ററിനറി സർവകലാശാല വൈസ് ചാൻസലർ ഡോ. PC ശശീന്ദ്രൻ രാജിവെച്ചു. വ്യക്തിപരമായ കാരണങ്ങൾ കൊണ്ടാണ് രാജിയെന്ന് ചാൻസലർ കൂടിയായ ഗവർണർക്ക് നൽകിയ കത്തിൽ പറയുന്നു. സിദ്ധാർത്ഥിന്റെ മരണവുമായി ബന്ധപ്പെട്ട് പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുത്ത നടപടി കഴിഞ്ഞ ദിവസം ഗവർണർ റദ്ദാക്കിയിരുന്നു.

✪✪✪

ലോകകപ്പ് ഫുട്ബോൾ യോഗ്യതാ മൽസരത്തിൽ ഇന്ത്യ, ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. രാത്രി ഏഴിന് ഗോഹട്ടിയിലെ ഇന്ദിരാഗാന്ധി അത്-ലറ്റിക് സ്റ്റേഡിയത്തിലാണ് മൽസരം. പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ.

ഗ്രൂപ്പിലെ ഇന്നത്തെ മറ്റൊരു മത്സരത്തിൽ ഖത്തർ കുവൈറ്റിനെ നേരിടും. ഖത്തറാണ് ഗ്രൂപ്പിൽ ഒന്നാമത്. ഇന്ത്യയ്ക്കും കുവൈറ്റിനും ഇന്നത്തെ മത്സരങ്ങൾ നിർണ്ണായകമാണ്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിന് വിജയം. പഞ്ചാബ് കിംഗ്സിനെ നാലു വിക്കറ്റിനാണ് അവർ പരാജയപ്പെടുത്തിയത്.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, ഗുജറാത്ത് ടൈറ്റാൻസിനെ നേരിടും. രാത്രി 7.30ന് ചെന്നൈയിലാണ് മൽസരം.

IPL മൽസരങ്ങളുടെ പൂർണമായ ഫിക്സ്ചർ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഇന്നലെ പുറത്തിറക്കി. മെയ് 26-ന് ചെന്നൈയിലാണ് ഫൈനൽ.

✪✪✪

കൊല്ലം ചവറയിൽ കെട്ടുകുതിരയുടെ തടിചക്രം കയറി അഞ്ചുവയസ്സുകാരി ക്ഷേത്ര മരിച്ചസംഭവത്തിൽ അസ്വാഭാവിക മരണത്തിന് പൊലീസ് കേസെടുത്തു. കൊറ്റംകുളങ്ങര ക്ഷേത്രത്തിലെ ഉത്സവകെട്ടുകാഴ്ചയ്ക്കിടെ ഞായറാഴ്ച രാത്രിയായിരുന്നു സംഭവം. കെട്ടുകുതിര ഇറക്കത്തിൽ  നിയന്ത്രണം വിട്ട് ഉരുണ്ടപ്പോൾ തിരക്കിൽ വീണ ക്ഷേത്രയുടെ ശരീരത്തിലൂടെ ചക്രങ്ങൾ കയറിയിറങ്ങുകയായിരുന്നു.

✪✪✪

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ശാസ്ത്ര സംവാദസദസ്സ് ആലപ്പുഴ ജില്ലയിൽ  നടന്നു. കായംകുളം MSM കോളെജിൽ  പരിഷത്ത് ജില്ലാപ്രസിഡന്റ് ഡോ. T പ്രദീപ് ഉദ്ഘാടനം ചെയ്തു.

✪✪✪

പൈങ്കുനി ഉത്രം ഉത്സവത്തിനും, മീനമാസ പൂജയ്ക്കും ശേഷം ശബരിമലയിൽ ഇന്നലെ രാത്രി പത്തിന് നട അടച്ചു. മേടമാസ - വിഷു പൂജകൾക്കായി ഏപ്രിൽ 10 ന് വൈകിട്ട് അഞ്ചിന് നട തുറക്കും.

✪✪✪

കോട്ടയം നാഗമ്പടം പാലത്തിൽ ഇന്നലെ വൈകിട്ട്  സ്കൂട്ടറും, കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ച് യുവതി മരിച്ചു. കോട്ടയം നീറികാട് സ്വദേശി പ്രിയ ബിനോയ് എന്ന 48 കാരിയാണ് മരിച്ചത്. ഭർത്താവിനൊപ്പം സ്കൂട്ടറിൽ പോകുമ്പോഴായിരുന്നു അപകടം.

✪✪✪

കൊല്ലം കരുനാഗപ്പള്ളി കുറ്റിപ്പുറത്ത് തടിലോറിയിൽ ഉടക്കിയ കേബിൾ സ്കൂട്ടറിൽ കുരുങ്ങി തഴവ സ്വദേശി സന്ധ്യയ്ക്ക് പരിക്കേറ്റ സംഭവത്തിൽ ലോറി ഡ്രൈവറെ പോലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് ചെങ്കോട്ട സ്വദേശി ദുർഗേഷ് ആണ് അറസ്റ്റിലായത്. പുതിയകാവ് - ചക്കുവള്ളി റോഡിൽ ശനിയാഴ്ച ഉച്ചയ്ക്കായിരുന്നു അപകടം.

✪✪✪